**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 856** **26-07-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധിയിൽ നിന്നും പെൻഷൻ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ കെ.എം.ടി/11/എസ്.സി.ഡബ്ല്യൂ3/286 നമ്പർ തൊഴിലാളി വിഹിതം അടച്ചുവന്നിരുന്ന ചന്ദ്രൻ.കെ എന്നയാൾക്ക് അറുപത് വയസ്സ് കഴിഞ്ഞിട്ടും പെൻഷൻ നൽകിയിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് ; ശ്രീ. മൂസ എന്നയാളുടെ ഉടമസ്ഥതയിലുള്ള മോട്ടോർ വ്യവസായ സ്ഥാപനത്തിലെ (KL-11 – V-1809) തൊഴിലാളിയായി ശ്രീ. ചന്ദ്രൻ കെ.എം..ടി/11/എസ്.സി.ഡബ്ല്യൂ3/000286 എന്ന കോഡ് നമ്പരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും 6/05 മുതൽ 3/17 വരെയുള്ള തൊഴിലാളി വിഹിതം ഒടുക്കു വരുത്തിയിട്ടുള്ളതുമാണ്. എന്നാൽ ടിയാന് 5/2017-ൽ 60 വയസ് പൂർത്തിയായതിന് ശേഷമാണ് 4/14 മുതൽ 3/17 വരെയുള്ള 36 മാസത്തെ കുടിശ്ശിക വിഹിതം ബോർഡിന്റെ സമ്മതമോ അറിവോ കൂടാതെ അടവു വരുത്തിയിട്ടുള്ളത്. കൂടാതെ സൂപ്പർ ആന്വേഷന് മുമ്പുള്ള കാലയളവായ 4/17, 5/17 എന്നീ മാസങ്ങളിലെ വിഹിതം ടിയാൻ അടച്ചിട്ടില്ലാത്തതുമാണ്. 19/02/2016 തീയതിയിലെ സ.ഉ.(എം.എസ്) 42/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ആകെ സർവ്വീസിനിടയിൽ 6 മാസത്തിൽ കൂടുതൽ സേവനഭംഗം വരുത്തുന്ന തൊഴിലാളികൾക്ക് പെൻഷന് അർഹതയില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ നിന്നും 20/11/2019-ലെ കത്ത് പ്രകാരം ടിയാന്റെ അപേക്ഷ നിരസിച്ചിട്ടുള്ളതാണ്. 60 വയസ്സിന് ശേഷം ടിയാൻ ഒടുക്കു വരുത്തിയ 36 മാസത്തെ തൊഴിലാളി വിഹിതമായ 4500/- രൂപ അധികം അടച്ചതായി കണക്കാക്കി ടിയാന് അനുവദിച്ച റീഫണ്ടിൽ ഉൾപ്പെടുത്തി തിരികെ നൽകിയിട്ടുള്ളതാണ്. എന്നാൽ, സൂപ്പർ ആന്വേഷൻ വരെയുള്ള കുടിശ്ശിക അടയ്ക്കുന്ന സാഹചര്യം ഉണ്ടാവുകയും തദനുസൃതമായി ബോർഡ് തീരുമാനം കൈക്കൊള്ളുകയും ചെയ്താൽ മാത്രമേ പെൻഷൻ അനുവദിക്കുന്ന വിഷയം പരിശോധിക്കുവാൻ നിവൃത്തിയുള്ളൂ. |

| | | | |
|---|---|---|---|
| (ബി) | ക്ഷേമനിധി കാലാവധി കഴിഞ്ഞത് അറിയാതെ അറുപത് വയസ്സിന് ശേഷവും വിഹിതമടച്ചതിന്റെ പേരിൽ പെൻഷൻ നിഷേധിക്കപ്പെടുന്നത് തിരുത്തി ടിയാന് പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ബി) | ഉണ്ട് ; ശ്രീ. മൂസ എന്നയാളുടെ ഉടമസ്ഥതയിലുള്ള മോട്ടോർ വ്യവസായ സ്ഥാപനത്തിലെ (KL-11 – V-1809) തൊഴിലാളിയായി ശ്രീ. ചന്ദ്രൻ കെ.എം..ടി/11/എസ്.സി.ഡബ്ല്യു3/000286 എന്ന കോഡ് നമ്പരിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും 6/05 മുതൽ 3/17 വരെയുള്ള തൊഴിലാളി വിഹിതം ഒടുക്കു വരുത്തിയിട്ടുള്ളതുമാണ്. എന്നാൽ ടിയാന് 5/2017-ൽ 60 വയസ് പൂർത്തിയായതിന് ശേഷമാണ് 4/14 മുതൽ 3/17 വരെയുള്ള 36 മാസത്തെ കുടിശ്ശിക വിഹിതം ബോർഡിന്റെ സമ്മതമോ അറിവോ കൂടാതെ അടവു വരുത്തിയിട്ടുള്ളത്. കൂടാതെ സൂപ്പർ ആന്വേഷന് മുമ്പുള്ള കാലയളവായ 4/17, 5/17 എന്നീ മാസങ്ങളിലെ വിഹിതം ടിയാൻ അടച്ചിട്ടില്ലാത്തതുമാണ്. 19/02/2016 തീയതിയിലെ സ.ഉ.(എം.എസ്) 42/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ആകെ സർവ്വീസിനിടയിൽ 6 മാസത്തിൽ കൂടുതൽ സേവനഭംഗം വരുത്തുന്ന തൊഴിലാളികൾക്ക് പെൻഷന് അർഹതയില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ടിയാന്റെ അപേക്ഷ പരിഗണിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് ഓഫിസിൽ നിന്നും 20/11/2019-ലെ കത്ത് പ്രകാരം ടിയാന്റെ അപേക്ഷ നിരസിച്ചിട്ടുള്ളതാണ്. 60 വയസ്സിന് ശേഷം ടിയാൻ ഒടുക്കു വരുത്തിയ 36 മാസത്തെ തൊഴിലാളി വിഹിതമായ 4500/- രൂപ അധികം അടച്ചതായി കണക്കാക്കി ടിയാന് അനുവദിച്ച റീഫണ്ടിൽ ഉൾപ്പെടുത്തി തിരികെ നൽകിയിട്ടുള്ളതാണ്. എന്നാൽ, സൂപ്പർ ആന്വേഷൻ വരെയുള്ള കുടിശ്ശിക അടയ്ക്കുന്ന സാഹചര്യം ഉണ്ടാവുകയും തദനുസൃതമായി ബോർഡ് തീരുമാനം കൈക്കൊള്ളുകയും ചെയ്താൽ മാത്രമേ പെൻഷൻ അനുവദിക്കുന്ന വിഷയം പരിശോധിക്കുവാൻ നിവൃത്തിയുള്ളൂ. |

സെക്ഷൻ ഓഫീസർ